GLPS Cheeranikkara

# GLPS
# ചീരാണിക്കര

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

ACADAMIC MASTER PLAN 2025-2026

GLPS
Cheeranikkara

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# ആമുഖം

ഗവ. എൽ. പി. എസ്. ചീരാണിക്കരയിൽ മുൻ വർഷങ്ങളിൽ എന്നപോലെ 2025 - 26 അക്കാദമിക വർഷത്തിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കു- പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിൽ തയാറാക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാനിൽ വിദ്യാലയത്തിലെ ഓരോ ക്ലാസിലെയും ക്ലാസ് മാസ്റ്റർ പ്ലാനും ഉൾപ്പെടുത്തുന്നുണ്ട്. ക്ലാസ് മാസ്റ്റർ പ്ലാനുമായി ചേർത്ത് വ്യക്തിഗത മാസ്റ്റർ പ്ലാൻ, ആക്ഷൻ പ്ലാൻ എന്നിവയും തയ്യാറാക്കുന്നു. സ്കൂളിലെ മുഴുവൻ കുട്ടികളുടെയും അക്കാദമികവും സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിന് ഊന്നൽ നൽകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# വിദ്യാലയ ചരിത്രം

ചീരാണിക്കര ശ്രീ. കൊച്ചുമാടൻ പിള്ള സംഭാവന ചെയ്ത 50 സെന്റ് സ്ഥലത്ത് 1948 ജൂൺ മാസത്തിൽ ശ്രീ. ജനാർദ്ദന പിള്ളയുടെ നേതൃത്വത്തിൽ സ്കൂളിന്റെ പ്രവർത്തനത്തിന് തുടക്കമിട്ടു. അന്നത്തെ പ്രധാന അധ്യാപകൻ ശ്രീ. വേങ്കവിള കുട്ടൻ പിള്ള ആയിരുന്നു. ആദ്യം 1, 2 ക്ലാസുകൾ പിന്നീട്, 3, 4, 5 എന്നീ ക്ലാസുകളും വന്നു. 1953 ജൂൺ മാസത്തിൽ ഇതൊരു പൂർണ്ണ എൽ. പി. എസ് ആയിമാറി. ആദ്യം ഇതൊരു ഓടിട്ട കെട്ടിടം മാത്രമായിരുന്നു. 1977 ൽ ഒരു കെട്ടിടം കൂടി സ്ഥാപിതമായി. ഈ സ്കൂളിന്റെ തൊട്ടടുത്തായി ഒരു മാനേജ്മെന്റ് കൂടി സ്ഥാപിതമായതോടെ 5-ാം ക്ലാസ് ഈ സ്കൂളിന് നഷ്ടമായി. 1999 മാർച്ച് മാസത്തിൽ ഈ സ്കൂൾ സുവർണ്ണ ജൂബിലി ആഘോഷിച്ചു. ഈ അവസരത്തിൽ ശ്രീ. കൊച്ചുമാടൻ പിള്ളയുടെ ബന്ധുക്കൾ സ്കൂളിന് സ്മാരകമായി മെയിൻ ഗേറ്റ് സംഭാവന ചെയ്തു.

## സ്കൂളിന്റെ നിലവിലെ അവസ്ഥ

2024-2025 അധ്യായന വർഷത്തിൽ ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെ 43 കുട്ടികളും പ്രീപ്രൈമറിയിൽ 17 കുട്ടികളും ആണ് ഉണ്ടായിരുന്നത്. 2025-26 അധ്യായന വർഷത്തിൽ 1 മുതൽ 4 വരെ 53 കുട്ടികളും പ്രീപ്രൈമറിയിൽ 20 കുട്ടികളും മെയ് 20 വരെ അഡ്മിഷൻ എടുത്തിട്ടുണ്ട്. അഡ്മിഷൻ പുരോഗതിയിലാണ്. ഹെഡ്മാസ്റ്റർ ശ്രീ മുഹമ്മദ് റാഫി സാറിന്റെ നേതൃത്വത്തിൽ മൂന്ന് എൽ.പി സ്കൂൾ അധ്യാപകരും ഒരു പ്രീപ്രൈമറി അധ്യാപികയും ഒരു ഫുൾടൈം അറബിക് ടീച്ചർ ഒരു പാർട്ട്ടൈം സ്വീപ്പർ ഒരു പ്രീപ്രൈമറി ആയയും ഒരു പാചക തൊഴിലാളിയും സ്കൂളിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.

ഇവിടെ എത്തുന്ന ഭൂരിഭാഗം കുട്ടികളും സ്കൂൾ വാഹനത്തിൽ എത്തുന്നവരാണ്. മലയോര പ്രദേശമായ ഇവിടേക്ക് രക്ഷിതാക്കൾക്ക് എത്തിച്ചേരുന്നതിന് ബുദ്ധിമുട്ടുണ്ട്. പ്രീപ്രൈമറി മുതൽ തുടർച്ചയായി 4-ാം ക്ലാസ് വരെ പഠിക്കുന്നവരാണ് അധികവും. SC, ST, OBC, OEC, General എന്നിങ്ങനെ വിവിധ വിഭാഗത്തിലുള്ള കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്.

സ്കൂൾ കോഡ്: 43404

വിദ്യാഭ്യാസ ഉപജില്ല : കണിയാപുരം

റവന്യു ജില്ല : തിരുവനന്തപുരം

വിദ്യാഭ്യാസ ജില്ല : തിരുവനന്തപുരം

ബി. ആർ. സി : കണിയാപുരം

സി. ആർ. സി :

ഗ്രാമ പഞ്ചായത്ത് : വെമ്പായം

ബ്ലോക്ക് പഞ്ചായത്ത് : നെടുമങ്ങാട്

ജില്ലാ പഞ്ചായത്ത് : തിരുവനന്തപുരം

നിയമസഭാ മണ്ഡലം : നെടുമങ്ങാട്

ലോക്സഭാമണ്ഡലം : ആറ്റിങ്ങൽ

താലൂക്ക് : നെടുമങ്ങാട്

വില്ലേജ് : തേക്കട

ഇ മെയിൽ : govtlpscheeranikkara@gmail.com

കലാ കായിക ശാസ്ത്ര - സാമൂഹ്യ ശാസ്ത്ര ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മേളകളിലും മികച്ച നേട്ടം കൈവരിക്കാൻ ഈ സ്കൂളിലെ കുട്ടികൾക്ക് കഴിഞ്ഞു. 2024-2025 അധ്യയന വർഷത്തിൽ നടന്ന അറബിക് കലോത്സവത്തിൽ കണിയാപുരം സബ്ജില്ലാതലത്തിൽ ഓവറോൾ രണ്ടാം സ്ഥാനം നേടാൻ ഈ സ്കൂളിലെ കുട്ടികൾക്ക് കഴിഞ്ഞു. പങ്കെടുക്കുന്ന മത്സരങ്ങളിൽ എല്ലാം തന്നെ പോയിന്റുകൾ കരസ്ഥമാക്കാൻ കഴിയുന്ന തരത്തിലുള്ള മികവുറ്റ പ്രവർത്തനങ്ങളാണ് ഓരോ കുട്ടികൾക്കും നൽകുന്നത്.

വെമ്പായം ഗ്രാമപഞ്ചായത്ത്, വെള്ളുപാറ, ചിറാണിക്കര വാർഡ് മെമ്പർമാർ പി.ടി.എ. പൂർവവിദ്യാർത്ഥികൾ എന്നിവരുടെ സഹായ സഹകരണങ്ങൾ സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നുണ്ട്.

## മാസ്റ്റർ പ്ലാനിന്റെ പൊതു ലക്ഷ്യങ്ങൾ

- പൊതു വിദ്യാലയ ശാക്തീകരണം ഉറപ്പു വരുത്തുക
- എല്ലാർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക.
- പഠന പാഠ്യേതര മികവുകൾ വർദ്ധിപ്പിക്കുക.
- അധ്യാപകർക്കുള്ള പരിശീലനവും അക്കാദമിക പിന്തുണയും ഉറപ്പു വരുത്തുക.
- സമൂഹത്തോട് പ്രതിബദ്ധതയുള്ള പുതു തലമുറയെ വാർത്തെടുക്കുക.
- കൊഴിഞ്ഞുപോക്ക് ഒഴിവാക്കുക.

## സവിശേഷ ലക്ഷ്യങ്ങൾ

- സ്കൂളിന് ചുറ്റുപാടുമുള്ള മുഴുവൻ കുട്ടികളെയും സ്കൂളിലെത്തിക്കുക.
- സ്കൂൾ മികവിന്റെ കേന്ദ്രമാക്കുക.
- ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുക
- സ്കൂൾ കൂടുതൽ ആകർഷകമാക്കുക.
- സ്കൂളിന്റെ പ്രവർത്തനങ്ങളെ സഹായിക്കാൻ ഉതകുന്ന സമിതികളെ ശാക്തീകരിക്കുക.
- ഭൗതികാന്തരീക്ഷം, സ്മാർട്ട് ക്ലാസ് റൂം എന്നിവ ഉറപ്പു വരുത്തുക.
- ജല ലഭ്യത ഉറപ്പാക്കുക.

- ഉച്ചഭക്ഷണ പരിപാടി കൂടുതൽ മെച്ചപ്പെടുത്തുക (പ്രാദേശിക ഫണ്ട് ഉപയോഗിച്ച്)
- പ്രഭാത ഭക്ഷണം ഉറപ്പാക്കുക
- വൃത്തിയുള്ള പരിസരവും പഠനാന്തരീക്ഷവും ഉറപ്പുവരുത്തുക.
- കുട്ടികൾക്ക് സമൂഹവുമായി ഇടപെടാനുള്ള പരമാവധി അവസരം ഒരുക്കി നൽകുക.
- കുട്ടികളുടെയും രക്ഷിതാക്കളുടെയും ആരോഗ്യ ബോധവൽക്കരണ പരിപാടികൾ സൗജന്യ പഠനോപകരണ വിതരണം, ജനകീയ ലൈബ്രറി, പഠനയാത്ര എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠനപരിപോഷണം<br>• ശാസ്ത്ര പോഷണ പരിപാടി<br>• വായനാ പോഷണ പരിപാടി<br>• ലൈബ്രറി ശാക്തീകരണം<br>• പ്രതിഭാ പോഷണ പരിപാടി<br>• കരാട്ടേ പരിശീലനം<br>• ജൈവ വൈവിധ്യ പാർക്ക്<br>• സാഹിത്യ പരിപോഷണ പരിപാടി<br>• പഠനയാത്രകൾ | • പണി നടന്നുകൊണ്ടിരിക്കുന്ന പ്രവേശന കവാടം, ചുറ്റുമതിൽ എന്നിവയുടെ പൂർത്തീകരണം.<br>• കളിസ്ഥലം നിർമ്മിക്കൽ.<br>• സെക്യൂരിറ്റി റൂം ഒരുക്കൽ<br>• വിൽഡേൺസ് പാർക്ക്<br>• സ്മാർട്ട് ക്ലാസ് റൂം ഒരുക്കൽ.<br>• സ്റ്റേജ് ഗ്യാലറി നിർമാണം.<br>• ചിത്രഗ്യാലറി നിർമാണം.<br>• കമ്പ്യൂട്ടർ ലാബ്<br>• ലൈബ്രറി നവീകരണം<br>• അടുക്കള നവീകരണം<br>• ഡൈനിംഗ് ഹാൾ നിർമ്മാണം | • പി.ടി.എ ശക്തിപ്പെടുത്തൽ<br>• എസ്. എം. സി കാര്യക്ഷമമാക്കൽ<br>• വിദ്യാലയ വികസന സമിതി.<br>• പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം.<br>• ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, വ്യവസായ ഗ്രൂപ്പുകൾ സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ. |

| | | |
|---|---|---|
| • പച്ചക്കറിത്തോട്ടം<br>• രചന ശില്പശാല<br>• അഭിമുഖങ്ങൾ<br>• ഗണിത ലാബ്, ഗണിതാന്തരീക്ഷം ഒരുക്കൽ<br>• ഭാഷാലാബ്<br>• കായിക പഠനം.<br>• ഗവേഷണാത്മക പ്രവർത്തനങ്ങൾ<br>• ഇംഗ്ലീഷ് പഠനം പരിപോഷിപ്പിക്കൽ<br>• Language lab<br>• Interaction between language expert<br>• Hello english<br>• English Magazine. | • കുടിവെള്ള വിതരണം<br>• മാലിന്യ സംസ്കരണം ഫലവത്താക്കുക.<br>• ടോയ്‌ലറ്റ് നവീകരണം<br>• ലബോറട്ടറി നിർമാണം<br>• ജന്മദിനത്തിനൊരു പുസ്തകം<br>• ചിത്രരചന<br>• എന്റെ വീട്ടിലുമൊരു കൃഷിത്തോട്ടം.<br>• എന്റെ ചെടികൾക്കും പറയാനുണ്ട്.<br>• ഭാഷോത്സവം<br>• ഗണിതോത്സവം<br>• മെട്രിക് മേള സംഘടിപ്പിക്കൽ<br>• ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം.<br>• ക്വിസ്സ്<br>• ജനറേറ്റർ | • ക്ലാസ് പി.ടി.എ. രക്ഷകർതൃശില്പശാല പ്രയോജനപ്പെടുത്തൽ.<br>• വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടൽ.<br>• റിസോഴ്സ് മാപ്പിംഗ്.<br>• പ്രാദേശിക പി.ടി.എ.<br>• അമ്മ വായന<br>• Documentation<br>• പൊതു ഇടങ്ങൾ ശുചീകരണം.<br>• പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറൽ<br>• മദ്യം, മയക്കുമരുന്ന് ബോധവൽക്കരണം.<br>• ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ. |

# ഭാഷ

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പാക്കുക.
- എല്ലാ കുട്ടികളും ഓരോ പ്രായ ഘട്ടത്തിന് അനുയോജ്യമായ വിധം മികച്ച നിലയിൽ ആശയ വിനിമയം നടത്തുന്നതിനുള്ള ശേഷി നേടിയെന്ന് ഉറപ്പാക്കുക.
- കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക.
- സർഗാത്മക രചനകൾക്ക് അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കാൻ കഴിവ് നേടുക.
- ഭാഷ ശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യ പരിചയപ്പെടുത്തുക.
- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുന്നു.
- കളികളിലൂടെ ഭാഷാപഠനം.
- ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തുവാനുള്ള ശേഷി വികസിപ്പിക്കുക.
- ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ
- ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക.

## പ്രവർത്തനങ്ങൾ

- ക്ലാസ് റൂം ലൈബ്രറി
- പുസ്തക വായന
- കുട്ടികളുടെ പത്രം
- വായന കുറിപ്പ്
- പുസ്തകങ്ങൾ പരിചയപ്പെടുത്തൽ
- എന്റെ പുസ്തകം
- ഇംഗ്ലീഷ് വാക്ക് പരിചയപ്പെടുത്തൽ
- അമ്മ വായന, വചന കാർഡ് നിർമാണം
- എല്ലാ ദിവസവും അസംബ്ലി.
- ഹിന്ദി അക്ഷരം പരിചയപ്പെടുത്തൽ
- ക്വിസ്
- കടങ്കഥ
- പത്രവായന അസംബ്ലിയിൽ
- വർക്ക് ഷീറ്റ് നിർമാണം
- കഥാപുസ്തകം - ഭാഷാ ക്ലബ്ബ്
- കവിതാലാപനം
- ഭാഷാ കേളി
- പാട്ടരങ്ങ്
- Language lab
- Short film presentation
- cartoon (depending on smart classroom)
- Interaction between language expert
- Theme based activities in one week
- Reading cards
- Work sheet.

- Puzzles
- Hello english
- Digital learning resources
- Parenting orientation classes
- Magazine presentation
- making of dictionary
- Reading English newspaper
- General knowledge questions first introduced in English then malayalam
- Smart class room
- projector
- music CD
- ഭാഷാലാബ്
- വിവിധ കുട്ടികളുടെ കവിതകളെ പരിചയപ്പെടുത്തൽ
- കവിതയുടെ ആലാപനം.
- സാഹിത്യ രചനകളുടെ കളക്ഷൻ
- റഫറൻസ് പുസ്തകങ്ങൾ
- രക്ഷിതാക്കളുടെ പങ്കാളിത്തം
- ഫീൽഡ് ട്രിപ്പ്
- ലൈബ്രറി സന്ദർശനം
- ലൈബ്രറി അംഗത്വം എല്ലാ കുട്ടികൾക്കും.
- സ്കൂൾ പത്രം

| പ്രവർത്തനം | സമയം | ചുമതല | ധനകാര്യം | മോണിറ്ററിംഗ് | |
|---|---|---|---|---|---|
| **ക്ലാസ് ലൈബ്രറി**<br><br>എല്ലാ ക്ലാസിലെയും കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ശേഖരിച്ച് ക്ലാസ് ലൈബ്രറി സജ്ജീകരിക്കും അതിനായി പ്രത്യേക വിഷയാടിസ്ഥാനത്തിലുള്ള പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>ഓരോ ആഴ്ചയും ഓരോ പുസ്തകം അധ്യാപകർ പരിചയപ്പെടുത്തുന്നു. പരിചയപ്പെടുത്തിയ പുസ്തകം ചാർട്ട് ചെയ്യപ്പെടുന്നു. വിലയിരുത്തൽ സൂചകങ്ങൾ ചർച്ച ചെയ്യുന്നു. ആ പുസ്തകം വെള്ളിയാഴ്ച ബാലസഭയിൽ ഒരു കുട്ടി അവതരിപ്പിക്കുന്നു. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ, HM, PTA | PTA, SMC, അധ്യാപകർ | | |

| | | | | | |
|---|---|---|---|---|---|
| **വായനക്കുറിപ്പ്**<br>• ഞാൻ വായിച്ചു കേട്ട/ വായിച്ച പുസ്തകം, വായനക്കുറിപ്പ് ഇതിനായി ഒരു നോട്ട് ബുക്ക്<br>- അടയാളപ്പെടുത്തലുകൾ നടത്തുന്നു<br>- വിലയിരുത്തൽ സൂചകങ്ങൾ ചർച്ച ചെയ്യുന്നു<br>- വായനക്കുറിപ്പുകൾ ചേർത്ത് പ്രസിദ്ധീകരിക്കുന്നു.<br>**വാർത്താ വിശകലനം.**<br>• ഒരാഴ്ചയിലെ പത്രങ്ങൾ ശേഖരിച്ച് പ്രവർത്തനങ്ങൾ വെട്ടിയെടുത്ത് ഒഴിവുസമയങ്ങളിൽ 3, 4 ക്ലാസുകളിലെ കുട്ടികൾ വാർത്താവിശകലനം നടത്തുകയും ചർച്ച ചെയ്യുകയും ചെയ്യുന്നു.<br>- വാർത്താ രചനക്കുള്ള പരിശീലനം നൽകുന്നു.<br>- ഓരോ ആഴ്ചത്തെയും വാർത്തകളെ | അധ്യയന വർഷം മുഴുവൻ | HM. Class teacher. | | | |

അടിസ്ഥാനമാക്കി ക്വിസ് പ്രോഗ്രാം നടത്തുന്നു.

- പഠനപ്രവർത്തനമനുമായി അഭിമുഖം നടത്തുന്നു.

<u>കഥാപുസ്തകം - ഭാഷാക്ലബ്ബ്</u>

- കഥാകൃത്തുക്കളുമായുള്ള അനുഭവങ്ങൾ പങ്കിടൽ
- പ്രശസ്ത കഥാകൃത്തുക്കളുമായുള്ള അഭിമുഖം
- കഥാരചന, കവിതാരചന മത്സരങ്ങൾ നടത്തി വിജയികൾക്ക് സമ്മാനം നൽകുന്നു.
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിയ മാഗസിൻ തയ്യാറാക്കുന്നു
- സ്കൂൾ അസംബ്ലിയിൽ പ്രകാശനം നടത്തുന്നു.

<u>കവിതാരചനാ ക്യാമ്പ്</u>

• ക്രിസ്തുമസ് അവധിക്കാലത്ത് കുട്ടികളിലെ രചനാപാടവം വർദ്ധിപ്പിക്കാൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. മികച്ച പ്രകടനം കാഴ്ചവെക്കുന്ന

| | | | | | |
|---|---|---|---|---|---|
| കാഴ്ച വെക്കുന്ന കുട്ടികൾക്ക് സമ്മാനം നൽകുന്നു.<br>- ക്ലാസ്സിൽ കവികളെയും സാംസ്കാരിക നായകന്മാരെയും ഉൾപ്പെടുത്തി കവിയരങ്ങ്, സാംസ്കാരിക സദസ്സ് നടത്തുന്നു. | ഡിസംബർ | HM അധ്യാപകർ, PTA, SMC | PTA SMC SSK. | | |
| **കവിതാ പരിപാലനം പരിശീലിപ്പിക്കൽ**<br>• കവികളെ കൊണ്ട് കവിതാ പരിപാലന ക്ലാസ് എടുപ്പിക്കുന്നു. കവിത ചൊല്ലുകയും കവിതാലാപനം പരിശീലിപ്പിക്കുകയും ചെയ്യുന്നു. | മാസത്തിൽ ഒന്ന് | SRG PTA | PTA SSK | | |
| **സ്കൂൾ പത്രം**<br>• ഓരോ മാസം ഒരു പത്രം എന്ന രീതിയിൽ സ്കൂൾ പത്രം തയ്യാറാക്കുന്നു. ഓരോ മാസവും ഓരോ ക്ലാസുകാരാണ് പത്രം തയ്യാറാക്കുന്നത്. എല്ലാ പ്രധാനപ്പെട്ട സ്കൂൾ വാർത്തകളും അറിയിപ്പുകളും ഇതിൽ ഉൾപ്പെടുത്തുന്നു. | മാസത്തിൽ ഒന്ന് | അധ്യാപകർ | | | |

| | | | | | | |
|---|---|---|---|---|---|---|
| | **പഠനവീട്**<br>→ കുട്ടികൾക്ക് പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതോടൊപ്പം പൊതുവിജ്ഞാനം, ഇംഗ്ലീഷ്, അടിസ്ഥാന ശേഷികൾ എന്നീ വിഷയങ്ങൾക്ക് ക്ലാസുകൾ നൽകുന്നു. | വർഷം മുഴുവൻ | SRG | | | |
| | **Language lab**<br>→ ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള അധ്യാപകരെ കൊണ്ട് ക്ലാസുകൾ നടത്തുന്നു.<br>→ ഓരോ ടേം അനുസരിച്ചാണ് ക്ലാസുകൾ നടത്തുന്നത്. | മൂന്ന് മാസത്തിലൊരിക്കൽ | SRG<br>PTA | PTA<br>SMC<br>SSK | | |
| | → Short film presentation, Cartoon presentation Smart class room ൽ നടത്തുന്നു. | ആഴ്ചയിൽ ഒരു ദിവസം | SRG. | | | |
| | **Hello English**<br>→ Hello English training ടീച്ചർമാർക്ക് നൽകുന്നു. Trained teachers കുട്ടികൾക്ക് ക്ലാസ് നൽകുന്നു. | | BRC | | | |

| | | | | | |
|---|---|---|---|---|---|
| **Reading card**<br>→ കുട്ടികളുടെ വായനാശേഷി വികസിപ്പിക്കാൻ വേണ്ടി ഇംഗ്ലീഷിൽ ചെറിയ വാക്യങ്ങളും വാക്കുകളും അടങ്ങിയ റീഡിംഗ് കാർഡുകൾ തയ്യാറാക്കുകയും ക്ലാസിൽ ഓരോ പ്രവർത്തനങ്ങളോടെ, ഷം നൽകുകയും ചെയ്യുന്നു. | അധ്യയനം വർഷം മുഴുവൻ | അധ്യാപകർ. | | | |
| **വർക്ക് ഷീറ്റ്.**<br>→ ഓരോ ക്ലാസിലെയും കുട്ടികൾക്ക് അവർക്ക് അനുയോജ്യമായ രീതിയിൽ അധ്യാപകർ വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. ക്ലാസിലെ ഒഴിവു സമയങ്ങളിൽ വർക്ക് ഷീറ്റുകൾ നൽകുന്നു പൂർത്തിയാക്കുന്നു. | | അധ്യാപകർ. | | | |
| **Making of Dictionary**<br>→ 3,4 ക്ലാസിലെ കുട്ടികളെ ഉൾപ്പെടുത്തി അവർക്കറിയാവുന്നതും കണ്ടെത്തിയതുമായ വാക്കുകൾ ചേർത്ത് നിഘണ്ടു തയ്യാറാക്കുന്നു. | ജനുവരി ഫെബ്രുവരി | അധ്യാപകർ രക്ഷിതാക്കൾ | | | |

| | | | | | |
|---|---|---|---|---|---|
| **Conduct assembly in English**<br>→ ആഴ്ചയിൽ ഒരു ദിവസം 3, 4 ക്ലാസിലെ കുട്ടികൾ ചേർന്ന് ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു. | ആഴ്ചയിൽ ഒന്ന് | Class teacher | | | |
| **General knowledge questions first introduced in English and then in Malayalam.**<br>→ ആഴ്ചയിൽ ഒരു ദിവസം English quiz programme അവതരിപ്പിക്കുന്നു. ആദ്യം ചോദ്യങ്ങൾ ഇംഗ്ലീഷിലും പിന്നീട് മനസിലാകാത്തവർക്ക് വേണ്ടി മാത്രം മലയാളത്തിലും പറയുന്നു.<br>വിജയികളായവർക്ക് സമ്മാനവും നൽകുന്നു. | ആഴ്ചയിൽ ഒന്ന് | Class teacher. | | | |
| **Magazine presentation**<br>→ English - ൽ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു. | ഫെബ്രുവരി - മാർച്ച് | SRG. PTA | PTA | | |
| **Skit Presentation**<br>→ എല്ലാ ക്ലാസിലെ കുട്ടികളെയും ചെറിയ സ്കിറ്റുകൾ അവതരിപ്പിക്കാൻ പ്രാപ്തരാക്കുന്നു. | നവംബർ ഡിസംബർ | SRG. | | | |

## ഗണിതം

### ലക്ഷ്യങ്ങൾ

- നിത്യ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയുക.
- കുട്ടികളുടെ ക്രിയാശേഷി വർദ്ധിപ്പിക്കുക.
- ELPS സാധ്യതകൾ പ്രയോജനപ്പെടുത്തൽ
- സ്വയം അറിയൽ, ആശയ വിനിമയ ശേഷി, തീരുമാനമെടുക്കൽ, പ്രശ്ന പരിഹാരണം, പിരിമുറുക്കം കൈകാര്യം ചെയ്യൽ എന്നീ നൈപുണികൾ വർദ്ധിപ്പിക്കൽ
- ജീവിതത്തെ ആത്മവിശ്വാസത്തോടെ സമീപിക്കാനും മുന്നേറാനും കഴിയുക.
- കുട്ടികളുടെ യുക്തി ചിന്ത വർദ്ധിപ്പിക്കുന്നു.
- മറ്റുവിഷയങ്ങളുടെ പഠനത്തിനാവശ്യമായ ഗണിത ശേഷി നേടുന്നു.
- അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിശദീകരിക്കുന്നതിനും കഴിയുന്നു.
- കൃത്യതയോടെയും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും പ്രാപ്തരാക്കുന്നു.
- വസ്തുതകളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവുണ്ടാക്കുന്നു.

## പ്രവർത്തനങ്ങൾ

1. ഗണിതലാബ്
   - മുത്തുകൾ, scale
   - fitting set
   - Shapes
   - ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവിതചരിത്രം- പ്രദർശനം
   - ഗണിതകിറ്റ്
   - ജിയോമെട്രിക് ചാർട്ട്
   - fractional disk.

2. പ്രായോഗിക പ്രശ്നങ്ങൾ
   - പസിലുകൾ
   - സംഖ്യാവീൽ
   - മാന്ത്രികചതുരം
   - ബ്ലോക്കിലെ സംഖ്യകൾ വച്ചുള്ള പസിൽ
   - പാറ്റേണുകൾ
   - നാണയ ശേഖരണം

3. ഗണിതക്രിയകൾ - ഗ്രൂപ്പിൽ
   - ക്രിയാവിശകലനം - ടീച്ചർ
   - വ്യക്തിഗതം

4. ഗണിതം പ്രായോഗിക തലത്തിൽ
   - പാൽ സൊസൈറ്റി, അടുത്തുള്ള വ്യാപാര കേന്ദ്രങ്ങൾ, പോസ്റ്റ് ഓഫീസ്, റേഷൻ കട, റബ്ബർ കട എന്നിവിടങ്ങളിൽ കുട്ടികൾ നേരിട്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നു.

5. സർവ്വേ.

- 10 വീടുകളുടെ സർവ്വേ
- കുടുംബത്തിന്റെ തൊഴിൽ, വരുമാനം ചെലവ് എന്നിവയുടെ വിവരശേഖരണം നടത്തി നിഗമനത്തിൽ എത്തിച്ചേരൽ
- കൃഷി- വാർഡിലെ തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കണ്ടെത്തൽ.
- സർവ്വേ ഫലം ബന്ധപ്പെട്ടവാർഡ് മെമ്പർക്കും കൃഷി ഓഫീസർക്കും തുടർ നടപടിക്കായി നൽകുന്നു.

6. പഠനോപകരണ നിർമ്മാണ വർക്ക്ഷോപ്പ്

- ഒരുവർഷത്തേക്കുള്ള ഗണിത പ്രവർത്തനങ്ങൾക്കുള്ള പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.
- നമ്പർ ബോർഡ് നിർമ്മാണം.

7. മെട്രിക് മേള
8. Interschool maths quiz
9. ഗണിതോത്സവം
10. കലണ്ടർ നിർമ്മാണം
11. ഗണിതചാർട്ട്.

| പ്രവർത്തനങ്ങൾ | സമയം | ചുമതല | ധനകാര്യം | മോണിറ്ററിംഗ് |
|---|---|---|---|---|
| **ഗണിത കളികൾ**<br>• ഗുണന വസ്തുതകൾ എഴുതിയ കാർഡുകൾ നൽകി 3,4 ക്ലാസുകളിൽ നൽകുന്നു. | ജൂലൈ-ഓഗസ്റ്റ് | SRG ഗണിതാധ്യാപകർ | | |
| **സങ്കലന ചാർട്ട് എല്ലാ ക്ലാസുകളിലും.**<br>• സങ്കലന വസ്തുതകൾ എഴുതിയ ചാർട്ടുകൾ 1,2,3,4 ക്ലാസുകളിൽ നൽകുന്നു.<br>• കലണ്ടർ നിർമ്മാണം<br>• സംഖ്യാ പാറ്റേൺ<br>• ക്ലോക്ക് നിർമ്മാണം<br>• പസിലുകൾ<br>• രൂപങ്ങളുടെ നിർമ്മാണം<br>ഈ പ്രവർത്തനം വ്യാപിപ്പിക്കുന്നു. ഓരോ ക്ലാസും ഈ പ്രവർത്തനം ഏറ്റെടുക്കുന്നു.<br>• നാണയ ശേഖരം<br>• ഗണിത മാഗസിൻ | വർഷം മുഴുവനും | SRG<br>PTA<br>MPTA | | |

| | | | | | |
|---|---|---|---|---|---|
| **Inter School Maths quiz**<br>• സബ് ജില്ലയിലെ സ്കൂളുകളിലെ തെരഞ്ഞെടുത്ത കുട്ടികൾക്ക് quiz നടത്തുന്നു.<br>• മെട്രിക് മേള<br>• ഗണിതോത്സവം<br>• ഗണിതചാർട്ട്<br>– സങ്കലന ചാർട്ട്<br>– ഗുണന ചാർട്ട്<br>– വ്യവകലന ചാർട്ട് എന്നിവ എല്ലാ ക്ലാസിലും. | നവംബർ ഡിസംബർ<br><br><br><br>ഒക്ടോബർ | SRG PTA<br><br><br><br>SRG | PTA SSK | | |
| **കുട്ടിക്കട**<br>ഗണിതക്രിയകൾ എളുപ്പത്തിൽ കൈകാര്യം ചെയ്യുന്നതിനായി കുട്ടിക്കട സഹായിക്കുന്നു. കുട്ടിക്കടയിലൂടെ പ്രായോഗിക പരിശീലനം കുട്ടികൾക്ക് ലഭിക്കുന്നു. പേന, പെൻസിൽ, കട്ടർ, ഇറേസർ എന്നിവ കുട്ടിക്കടയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | ആഗസ്റ്റ് മുതൽ മാർച്ച് വരെ | SRG PTA MPTA SMC | PTA SMC | | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| **ഗണിത ലാബ്**<br>- മുത്തുകൾ, സ്കെയിൽ, ഫിറ്റിംഗ് സെറ്റ് രൂപങ്ങൾ ഗണിത ശാസ്ത്രജ്ഞരുടെ ജീവിത ചരിത്രം, ഗണിത കിറ്റ്, ഒറിഗാമി, ജ്യോമെട്രിക് ചാർട്ട് എന്നിവ ഗണിത ലാബിൽ ഉൾക്കൊള്ളിക്കുന്നു. ഇത് എല്ലാ ക്ലാസിലേക്കും.<br>- 3,4 ക്ലാസുകളിൽ രൂപങ്ങൾ നിർമ്മിച്ച് നൽകുന്നു. ത്രികോണം, ചതുരം, വൃത്തം, തുടങ്ങിയവയുടെ ത്രിമാന രൂപങ്ങൾ നിർമ്മിച്ച് നൽകുന്നു. | ജൂൺ ജൂലൈ | SRG PTA | PTA SSK | | |
| **മാന്ത്രിക ചതുരം**<br>- 1, 2 ക്ലാസുകളിൽ മാന്ത്രിക ചതുര കാർഡുകളിൽ വരച്ച് ഓരോ കുട്ടിക്കും നൽകുന്നു. കാർഡിൽ സംഖ്യകൾ രേഖപ്പെടുത്തിയാണ് നൽകുന്നത്. | ജൂൺ ജൂലൈ | SRG | | | |

## ശാസ്ത്രം

- കുട്ടികളുടെ ശാസ്ത്രബോധം വളർത്തുക
- ചാലുപതിപ്പിക്കുന്നതിൽ നിന്ന് ശേഖരിക്കുന്ന ഉൾപ്പെടുത്തുക.
- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക.
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
- കുട്ടികർഷകരെ വാർത്തെടുക്കുക.
- കൃഷിയുടെ മഹത്വം തിരിച്ചറിയുക.
- ചരിത്ര വൃത്തസിയം നിർവഹിക്കുക
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക.
- ശാസ്ത്രത്തിനും സാമൂഹിക നന്മയ്ക്കും വേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ്
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

- ശാസ്ത്രലാബ്
- ശാസ്ത്ര പ്രവർത്തനങ്ങൾ
- ജൈവ വൈവിധ്യ പാർക്ക്
- ഫീൽഡ് ട്രിപ്പ്
- വിവിധ സംസ്ഥാനങ്ങൾ/ ചരിത്ര വ്യത്യാസം പരിചയപ്പെടുത്തൽ
- പച്ചക്കറിത്തോട്ടം
- ശാസ്ത്ര തത്വങ്ങളും ലഘുപരീക്ഷണങ്ങളും
- ഭക്ഷ്യ സംസ്കരണവും മേളയും
- ശാസ്ത്ര മാസിക തയ്യാറാക്കൽ
- മെഡിക്കൽ ക്യാമ്പ്
- ശാസ്ത്ര ക്വിസ്
- ശാസ്ത്രദിനാഘോഷം
- ശാസ്ത്ര പതിപ്പുകൾ തയ്യാറാക്കൽ
- സംവാദം
- ലഘുപരീക്ഷണങ്ങൾ
- കുറിപ്പുകൾ തയ്യാറാക്കൽ
- ശാസ്ത്ര വാർത്തകളുടെ ശേഖരണം.
- ചിത്രങ്ങളുടെ ശേഖരണം അതിനെപ്പുള്ള ചർച്ച.

| പ്രവർത്തനങ്ങൾ | [illegible] | [illegible] | [illegible] | [illegible] |
|---|---|---|---|---|
| **ശാസ്ത്രലാബ്**<br>• കുട്ടികളുടെ ശാസ്ത്രീയ അവബോധം വളർത്തുന്നതിന് വേണ്ടി ലഘു പരീക്ഷണങ്ങൾക്ക് അവശ്യമായ വസ്തുക്കൾ പരീക്ഷണ ഉപകരണങ്ങൾ ശാസ്ത്രലാബിൽ ഒരുക്കുന്നു.<br>• മൈക്രോസ്കോപ്പ്<br>• ദൂരദർശിനി<br>• സ്പ്രിംഗ് ത്രാസ് ഇവയെല്ലാം സജ്ജീകരിക്കൽ<br>• ലഘു പരീക്ഷണങ്ങൾ അവതരിപ്പിക്കൽ<br>• വാന നിരീക്ഷണം | ജൂൺ-ജൂലൈ<br><br><br><br>മാസത്തിൽ ഒന്ന് | അധ്യാപകർ<br><br><br><br>അധ്യാപിക | | |
| **ജൈവവൈവിധ്യ പാർക്ക്**<br>• കുട്ടികളിൽ പരിസ്ഥിതി സൗഹൃദം വളർത്തുന്നതിനും പ്രകൃതിയുമായി കൂടുതൽ ഇണങ്ങിച്ചേരുന്നതിനും വേണ്ടി ഒരു ജൈവവാർക്ക് സ്കൂളിൽ ഒരുക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | അധ്യാപകർ PTA, ... | | |

- പക്ഷികുളം, ഹരിത ഉദ്യാനം, ഔഷധത്തോട്ടം എന്നിവ നിർമ്മിക്കുന്നു.
- ജന്മനക്ഷത്രവൃക്ഷങ്ങൾ പാർക്കിൽ നട്ടുപിടിപ്പിക്കൽ
- ശാസ്ത്രപഠനം ഹൃദ്യവും രസകരവും ആവേശം ഉൾക്കൊണ്ട് അധ്യാപകരവുമാക്കുന്നതിനു വേണ്ടി ശാസ്ത്ര പ്രദർശനങ്ങൾ നടത്തുന്നു.
- ജീവശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ ജീവചരിത്രക്കുറിപ്പുകൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നു.

ഫോട്ടോഗ്യാലറി ഒരുക്കുന്നു.

- ഇതിൽ വന്യജീവികൾ, വനങ്ങൾ, അണക്കെട്ടുകൾ, വെള്ളച്ചാട്ടങ്ങൾ ഇവയുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.

| | | | | |
|---|---|---|---|---|
| ഫീൽഡ് ട്രിപ്പ്<br>- പാഠപുസ്തകങ്ങളിൽ നിന്നും ലഭിച്ച അറിവുകൾ നേരിട്ട് കണ്ട് മനസിലാക്കുന്നതിന് വേണ്ടി ഫീൽഡ് ട്രിപ്പുകൾ നടത്തുന്നു.<br>• ബൊട്ടാണിക്കൽ ഗാർഡൻ<br>• പൊന്മുടി<br>• പേപ്പാറ ഡാം, കല്ലാർ<br>• മ്യൂസിയം, മൃഗശാല<br>• പ്ലാനറ്റേറിയം<br>• അക്വേറിയം<br>• തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രം<br>• തെന്മല ബട്ടർഫ്ലൈ പാർക്ക്<br>• കാർഷിക കോളേജ് വെള്ളായണി<br>• ജില്ലാ മാതൃക കൃഷിത്തോട്ടം അഗ്രി 2020 | ജനുവരി | HM, PTA, SMC, അധ്യാപകർ | | |

| | | | | |
|---|---|---|---|---|
| **പച്ചക്കറിത്തോട്ട നിർമ്മാണം.**<br>• സ്കൂളിലെ ഉച്ചഭക്ഷണ പരിപാടിയിലേക്ക് ആവശ്യമായ പച്ചക്കറിയപക്കും സ്കൂളിൽ നിന്നു തന്നെ വിളയിച്ചെടുക്കുന്നതിനായി സ്കൂളിൽ ഒരു പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു.<br>• കുട്ടികർഷകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൃഷിയുടെ എല്ലാ ഘട്ടങ്ങളിലും കുട്ടിയുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്നു. | ജൂലൈ<br>ഡിസംബർ | SRG<br>അധ്യാപകർ | | |
| **ശാസ്ത്രസംവാദം.**<br>• ശാസ്ത്രങ്ങളിൽ അധിഷ്ഠിതമായ സംവാദം നടത്തുന്നു.<br>• 3, 4 ക്ലാസുകളെ പങ്കെടുപ്പിച്ചു കൊണ്ട് സംവാദം നടത്തുന്നു. | മാസത്തിൽ ഒന്ന് | അധ്യാപകർ | | |

## ഭൗതികം

- പ്രൊജക്ടർ
- സ്മാർട്ട് ക്ലാസ് റൂം
- ആവശ്യത്തിന് ഫാൻ ലൈറ്റ്
- കമ്പ്യൂട്ടർ റൂം
- പാർക്ക്
- ഡൈനിംഗ് ഹാൾ
- കുടിവെള്ള വിതരണം
- സാനഗോർങ്ങളെ വിതരണം
- ബയോ ഗ്യാസ് പ്ലാന്റ്

## ലക്ഷ്യങ്ങൾ

- സുരക്ഷിതമായി സ്കൂൾ കാമ്പസിനെ സംരക്ഷിക്കൽ
- സ്കൂൾ ആകർഷകമാക്കൽ
- ഭൗതിക സൗകര്യമൊരുക്കി അക്കാദമിക പ്രവർത്തനം കാര്യക്ഷമമാക്കൽ
- ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ
- ശുചിത്വം + ആരോഗ്യം = പഠനം
- കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ
- അടിസ്ഥാന സൗകര്യ വികസനം
- ജലസംരക്ഷണ പ്രവർത്തനം
- സ്കൂൾ പരിസരം ഹരിതാഭമാക്കൽ
- ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ
- മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ

| Sl No | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| 1. | ആകർഷണീയമായ വിധത്തിൽ സ്കൂൾ ഓഡിറ്റോറിയത്തെ മാറ്റിയെടുക്കുക. | 1 വർഷം | SMC PTA പഞ്ചായത്ത് | SMC PTA പഞ്ചായത്ത് | |
| 2. | പണി നടന്നുകൊണ്ടിരിക്കുന്ന ചുറ്റുമതിൽ, പ്രവേശന കവാടം എന്നിവ പൂർത്തിയാക്കുക. | 1 മാസം | PTA പഞ്ചായത്ത് | PTA പഞ്ചായത്ത് | |
| 3. | സൗകര്യപ്രദമായ സ്ഥലത്ത് Computer room, library room എന്നിവ സജ്ജീകരിക്കൽ | 1 വർഷം | പഞ്ചായത്ത് SSA | പഞ്ചായത്ത്, SSA | |
| 4 | ബയോഗ്യാസ് പ്ലാന്റ് | | | | |
| | നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്ന ബയോഗ്യാസ് പ്ലാന്റ് മാറ്റി പുതിയത് സ്ഥാപിക്കുന്നു. | 1 മാസം | പഞ്ചായത്ത് | പഞ്ചായത്ത് | |
| 5 | പ്രൊജക്ടറുകൾ. സ്കൂളിലെ എല്ലാ ക്ലാസ്മുറികളിലും പ്രൊജക്ടറുകൾ സ്ഥാപിക്കുക. | 4 മാസം | ജില്ലാ പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | |

| | | | | | |
|---|---|---|---|---|---|
| <u>പാർക്ക്</u><br>സ്കൂളിന്റെ പുറകുവശം വൃത്തിയാക്കി ചിൽഡ്രൻസ് പാർക്ക് നിർമിക്കൽ ഗാർഡനിംഗ് | 2 മാസം | MLA fund<br>MP fund | | | |
| Toilet attached with washing room | 2 മാസം | പഞ്ചായത്ത്<br>SSA | പഞ്ചായത്ത്<br>SSA | | |
| School fm Radio | വർഷം മുഴുവനും | SMC<br>PTA<br>അധ്യാപകർ | SMC<br>PTA<br>പൂർവ്വ വിദ്യാർത്ഥി സംഘടനകൾ | | |
| Stage curtain (തിരശ്ശീല) | തുടർച്ച | HM<br>PTA<br>SMC | സന്നദ്ധ സംഘടനകൾ | | |

## സാമൂഹികം

### ലക്ഷ്യങ്ങൾ

- സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ
- വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കു വയ്ക്കൽ
- അധ്യാപക രക്ഷാകർതൃബന്ധം ശക്തമാക്കൽ
- കൂടുതൽ ആശയങ്ങൾ രൂപീകരിക്കൽ
- വായനയുടെ സന്ദേശം സമൂഹത്തിന് കൈമാറുന്നതിന്.
- അറിവിന്റെ ജനകീയ വത്കരണം നടപ്പിലാക്കുന്നതിന്.
- വിദ്യാലയ പ്രവർത്തനങ്ങൾ പൊതുസമൂഹത്തെ അറിയിക്കൽ.